(സി) കോഴിക്കോട് ജില്ലയിൽ വടവൂർ, ചക്കാല എച്ച്.എച്ച്.എസിൽ 5-6-2006 മുതൽ 31-10-2010 വരെ അവധി ഒഴിവിൽ ജോലിചെയ്ത ശ്രീമതി ഷബീന. വി.എൻ. എന്ന ഇംഗ്ലീഷ് അദ്ധ്യാപികയ്ക്ക് ശമ്പളം ലഭ്യമാക്കുമോ;

(ഡി) വടവൂർ ചക്കാല എച്ച്.എച്ച്.എസ്.-ലെ അബ്ദുറഹീമിന്റെ അവധി ഒഴിവിൽ 5-6-2006 മുതൽ 31-6-2010 വരെ മറ്റാർക്കെങ്കിലും നിയമനം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് ശമ്പളം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) മേലുത്തരവ് പ്രകാരം ശ്രീമതി ഷബീന. വി. എൻ.-ന്റെ അവധി ഒഴിവിലേയ്ക്കുള്ള തസ്തിക അംഗീകരിക്കാനും ശമ്പളം നൽകാനും നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട 1-6-2011 മുതൽ നിയമന അംഗീകാരം ലഭിച്ചവരുടെ 1-6-2011-ന് മുമ്പുള്ള മുൻകാല സർവ്വീസ് അംഗീകരിക്കുന്നതല്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) വിവരം ശേഖരിച്ചു വരുന്നു.

വൈപ്പിൻ മണ്ഡലത്തിലെ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾ

65 (4676) ശ്രീ. എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും 2010, 2011,2012,2013 വർഷങ്ങളിൽ 8A+, 9A+, 10A+ എന്നീ ഗ്രേഡുകൾ ലഭിച്ച് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കാമോ?

ഉത്തരം

2010, 2011, 2012, 2013 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും 8A+, 9A+, 10A+ എന്നീ ഗ്രേഡുകൾ ലഭിച്ച് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	8A+	9A+	10A+
2010	6	10	11
2011	12	12	16
2012	9	16	24
2013	14	18	38

ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ നടപടി

66 (4677) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലോവർ പ്രൈമറി സ്കൂളായി ഉയർത്തുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പത്ത് എണ്ണത്തെ സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുക്കുകയും ആദ്യഘട്ടമായി അവയുടെ പ്രവർത്തനം അടുത്ത അദ്ധ്യായന വർഷം തന്നെ ആരംഭിക്കുവാൻ വേണ്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുമുണ്ട്.

കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകർ

67 (4680) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ 2011 ആഗസ്റ്റ് മുതൽ നിയമിക്കപ്പെട്ട് ഇനിയും നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത എത്ര അദ്ധ്യാപകർ ഉണ്ട് എന്നത് ഉപജില്ല, വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ;

---

* ലൈബ്രറി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly